# കലണ്ടർ

പഴകിപ്പറിഞ്ഞ
എത്ര കലണ്ടറുകളാണ്
നാം വലിച്ചെറിഞ്ഞത്
അർഥശൂന്യമായ ദിനങ്ങളെത്ര
വീട്ടിൽ, നാട്ടിൽ,
തൊഴിലിടങ്ങളിൽ,
വഴിവക്കിൽ,
പീടികവരാന്തകളിൽ,
സുഖസങ്കേതങ്ങളിൽ....
പ്രതീക്ഷകളുടെ ഒരുപാട്
കലണ്ടറുകൾ വാങ്ങി നാം
മേനിപറച്ചിലിൻ നൂറു നാക്കുകളായി
കറുത്ത അക്കങ്ങൾക്ക്
വ്യാമോഹവൃത്തം വരച്ചു.
പിന്നെ,
തൊഴിലിടങ്ങളിൽ ഭാഗധേയം മറന്നുവെച്ചു
ചുവപ്പക്കങ്ങളിൽ തിമിർത്താടി
നെടുകയും കുറുകെയും
മദോന്മത്തരായി ആർത്തലഞ്ഞു
ചോരയാൽ കണക്കുകൾ തീർത്തു
കണക്കുകളേറെ ഗണിച്ചു,
പിഴച്ച കണക്കുകളുടെ
വക്കടർന്ന വാക്കുകളുടെ
എത്ര കലണ്ടറുകളാണ്
നാം വലിച്ചെറിഞ്ഞത്
നെടുവീർപ്പുകൾ മറിച്ചിട്ട താളുകൾ
തിരിച്ചു വരരുതെന്ന്
നാം പ്രാർഥിച്ചു.

ഇനിയൊടുവിൽ,
തിരുത്തലുകൾക്ക് അവസരം നൽകാതെ
കണക്കുതെറ്റാതെ ഏതോ
ഒരു ദിനത്തിലൊരു കറുത്ത അക്കം
നമ്മെ കാത്തിരിക്കുന്നുണ്ടാവും

● **അനസ് മാള**
anaskhmala@gmail.com

# നിമിഷം

കൂലംകുത്തിയൊഴുകുന്ന പുഴ.
ജീവിതത്തിനും മരണത്തിനുമിടയിൽ
തോണി ഇടനിലക്കാരൻ.
ഈ തോണിയെ കരുണാമയന്റെ കൈ-
ക്കുമ്പിളെന്ന് വിളിക്കാം!
ഒരു നിമിഷം അവനൊന്നു കൈ-
മലർത്തിയാൽ!

## വണ്ടും പൂവും

പൂവിന്റെ കാതിൽവണ്ട് പറഞ്ഞു:
നാളെ നേരം വെളുത്താൽ ഞാനും-
നീയുമെന്ന സത്യത്തിൽ ഞാൻമാത്രം-
ബാക്കിയാവും.
പെട്ടെന്നൊരു കാക്കവന്നു കൊച്ചു-
വണ്ടിനെ കൊത്തിക്കൊണ്ടു പോയി!
പൂവ് ആരോടെന്നില്ലാതെ പറഞ്ഞു:
കണ്ടോ, സമയത്തിന്റെ ഖജനാവ്
ദൈവത്തിന്റെ കൈയിലാണ്!

## വാതിൽ

ഓരോ ചുവടുവെപ്പിലും കാൽചുവട്ടിൽ
ഒരു വാതിലുണ്ടെന്ന് ചിന്തിക്കുക.
തിരികെ തുറക്കാത്ത വാതിൽ!

● **ഇബ്രാഹിം പൊന്നാനി**

# മുതലാളിയുടെ പട്ടി

ഞങ്ങൾക്കറിയാം
മുതലാളിക്ക്
ഞങ്ങളേക്കാളിഷ്ടം
ആ കറുത്ത പട്ടികളെയാണെന്ന്
അതിനെ കൈകൊണ്ട് തലോടും
ഞങ്ങളെ കാലുകൾ കൊണ്ടും
അതിന്റെ കുരയാണ്
ലോകത്തിൽ വെച്ചേറ്റവും
നല്ല സംഗീതമെന്ന് മുതലാളി
ഇടയ്ക്കിടെ പറയും
മഴയും വെയിലും കൊള്ളാത്ത
അതിന്റെ കൂട്
വീടില്ലാത്ത ഞങ്ങളെ
അസൂയപ്പെടുത്തുന്നു
ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായില്ലേ
എന്തുകൊണ്ടാണ്
ഞങ്ങൾ പട്ടികളാകാൻ
ആഗ്രഹിക്കുന്നതെന്ന്.

● സത്യചന്ദ്രൻ പൊയിൽക്കാവ്